### 15കാരനെ ലൈംഗികമായി പീഡിപ്പിച്ച് യുവതി, വീഡിയോ പകർത്തി ഭർത്താവ്

മലപ്പുറം: തിരൂരിൽ പതിനഞ്ചുകാരനെ ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിൽ യുവതി അറസ്റ്റിൽ. പീഡന ദൃശ്യങ്ങൾ പകർത്തി ആൺകുട്ടിയെ ഭീഷണിപ്പെടുത്തിയതായും പരാതിയിൽ പറയുന്നു. സംഭവത്തിൽ പാലക്കാട് കല്ലടിക്കോട് സ്വദേശി സത്യഭാമ (30)യെ ആണ് പോലീസ് അറസ്റ്റ് ചെയ്തത്. യുവതിയുടെ ഭർത്താവിന്റെ അറിവോടെയായിരുന്നു പീഡനം. ദൃശ്യങ്ങൾ ഫോണിൽ പകർത്തിയത് യുവതിയുടെ ഭർത്താവ് തിരൂർ ബി.പി. അങ്ങാടി സ്വദേശി സാബിക് ആണെന്നാണ് വിവരം. ഇയാൾ ഇപ്പോൾ ഒളിവിലാണ്.സാബികും സത്യഭാമയും ലഹരിക്ക് അടിമകളാണെന്നും 15കാരനും ലഹരികൊടുക്കാൻ ശ്രമിച്ചതായും പരാതിയിൽ പറയുന്നു. പരാതിയിൽ തിരൂർ പോലീസാണ് യുവതിയ്ക്കെതിരേ പോക്സോ വകുപ്പ് പ്രകാരം കേസെടുത്തത്.


സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com




### 'തമിഴ്നാട് ഗവർണർ കേസിലെ വിധി കേരളത്തിന്റെ ഹർജിക്ക് ബാധകമോ?'

# പരിശോധിക്കാൻ സുപ്രീംകോടതി

ന്യൂഡൽഹി: തമിഴ്നാട് ഗവർണർ കേസിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി, ബില്ലുകളിൽ തീരുമാനം വൈകുന്നതിനെതിരെ കേരളം നൽകിയ ഹർജിക്ക് ബാധകമാണോ എന്ന് സുപ്രീം കോടതി പരിശോധിക്കും. മെയ് 6ന് ഇത് സംബന്ധിച്ച വിശദമായ വാദം കേൾക്കൽ നടത്താൻ സുപ്രീം കോടതി തീരുമാനിച്ചു.

തമിഴ്നാട് ഗവർണർ കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി കേരളത്തിലെ ഹർജിയിൽനിന്ന് വ്യത്യസ്തമാണെന്ന് കേന്ദ്ര സർക്കാർ ഇന്ന് സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. അറ്റോർണി ജനറൽ ആർ വെങ്കിട്ട രമണി, സോളിസിറ്റർ ജനറൽ തുഷാർ മേത്ത എന്നിവരാണ് ഇക്കാര്യം സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടിയത്. എന്നാൽ, തമിഴ്നാട് ഗവർണർ കേസിൽ വിധി കേരളത്തിന്റെ ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ കെ.കെ. വേണുഗോപാൽ ചൂണ്ടിക്കാട്ടി.

ഈ സാഹചര്യത്തിൽ തമിഴ്നാട് ഗവർണർ കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഹർജി തീർപ്പാക്കണമെന്നും വേണുഗോപാൽ ആവശ്യപ്പെട്ടു. എന്നാൽ, ഈ രണ്ട് കേസിലെ വ്യത്യസ്തത തെളിയിക്കുന്നതിനുള്ള കുറിപ്പ് നൽകാൻ സമയംവേണമെന്ന കേന്ദ്രത്തിന്റെ ആവശ്യം സുപ്രീം കോടതി അംഗീകരിച്ചു. തുടർന്നാണ് ഹർജികൾ പരിഗണിക്കുന്നത് മേയ് ആറിലേക്ക് മാറ്റിയത്.

ബില്ലുകളിൽ തീരുമാനമെടുക്കാൻ ഗവർണർമാർക്ക് സമയക്രമം നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് കേരളം നേരത്തെ ഒരു അപേക്ഷ സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരുന്നു. തമിഴ്നാട് കേസിൽ ഈ സമയക്രമം സുപ്രീം കോടതി പുറപ്പെടുവിച്ചതിനാൽ പിൻവലിക്കാൻ തയ്യാറാണെന്ന് കേരളം കോടതിയെ അറിയിച്ചു. കേരളത്തിനുവേണ്ടി സീനിയർ അഭിഭാഷകൻ കെ.കെ. വേണുഗോപാൽ, അഡ്വക്കേറ്റ് ജനറൽ കെ. ഗോപാല കൃഷ്ണ കുറുപ്പ്, സ്റ്റാന്റിങ് കോൺസൽ സി.കെ. ശശി എന്നിവരാണ് ഇന്ന് സുപ്രീംകോടതിയിൽ ഹാജരായത്.

### കോട്ടയത്തെ നടുക്കി ഇരട്ടക്കൊല; വസ്ത്രങ്ങളില്ലാതെ ചോരയിൽകുളിച്ച് മൃതദേഹങ്ങൾ, കോടാലി കണ്ടെടുത്തു



കോട്ടയം: നാടിനെ നടുക്കി ഇരട്ടക്കൊല. കോട്ടയം തിരുവാതുക്കലിലാണ് ദമ്പതിമാരെ വീടിനുള്ളിൽ കൊല്ലപ്പെട്ടനിലയിൽ കണ്ടെത്തിയത്. കോട്ടയം ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം, ടൂറിസ്റ്റ് ഹോം ഉടമ വിജയകുമാറും (64) ഭാര്യ മീര(60)യുമാണ് കൊല്ലപ്പെട്ടത്. ഇന്ന് രാവിലെയാണ് സംഭവം പുറത്തറിഞ്ഞത്.

തിരുവാതുക്കൽ എരുത്തിക്കൽ ക്ഷേത്രത്തിന് സമീപത്തെ വീട്ടിലാണ് വിജയകുമാറിനെയും ഭാര്യയെയും കൊല്ലപ്പെട്ടനിലയിൽ കണ്ടെത്തിയത്. രാവിലെ 8.15ഓടെ വീട്ടിലെത്തിയ ജോലിക്കാരിയാണ് മൃതദേഹങ്ങൾ ആദ്യം കണ്ടത്. ഇവർ നാട്ടുകാരെയും പോലീസിനെയും വിവരമറിയിക്കുകയായിരുന്നു.

രക്തംവാർന്ന നിലയിലായിരുന്നു രണ്ടുപേരുടെയും മൃതദേഹങ്ങൾ. വീട്ടിലെ ആദ്യത്തെ മുറിയിലാണ് വിജയകുമാറിന്റെ മൃതദേഹം കണ്ടെത്തിയത്. കിടപ്പുമുറിയിലായിരുന്നു മീരയുടെ മൃതദേഹം. മൃതദേഹങ്ങളിൽ വസ്ത്രങ്ങളുണ്ടായിരുന്നില്ലെന്നാണ് വിവരം. മുഖം വികൃതമാക്കിയനിലയിലുമായിരുന്നു.

പ്രാഥമികപരിശോധനയിൽ തന്നെ സംഭവം കൊലപാതകമാണെന്ന് പോലീസ് സ്ഥിരീകരിച്ചിരുന്നു. ഇതിനിടെ, വീടിന്റെ പിറകുവശത്തുനിന്ന് ഒരു കോടാലി കണ്ടെടുത്തിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് ഒരാൾ പോലീസ് കസ്റ്റഡിയിലുണ്ടെന്നും സൂചനയുണ്ട്. എന്നാൽ, ഇക്കാര്യം പോലീസ് സ്ഥിരീകരിച്ചിട്ടില്ല.

അതിനിടെ, ഒരു ഇതരസംസ്ഥാന തൊഴിലാളി നേരത്തേ വിജയകുമാറിനൊപ്പം ജോലിക്കുണ്ടായിരുന്നതായും ഇയാളെ അടുത്തിടെ പറഞ്ഞുവിട്ടിരുന്നതായും നാട്ടുകാരിൽ ചിലർ മാധ്യമങ്ങളോട് പറഞ്ഞു. തിരുവാതുക്കലിലെ വീട്ടിൽ ദമ്പതിമാർ മാത്രമായിരുന്നു താമസം. വർഷങ്ങൾക്ക് മുമ്പ് ഇവരുടെ മകനും ദുരൂഹസാഹചര്യത്തിൽ മരിച്ചിരുന്നു.

ദമ്പതിമാരുടെ കൊലപാതകവുമായി ബന്ധപ്പെട്ട് പ്രദേശത്തെ സിസിടിവി ദൃശ്യങ്ങളടക്കം പോലീസ് പരിശോധിച്ചുവരികയാണ്. നാട്ടുകാരിൽനിന്നും ബന്ധുക്കളിൽനിന്നും പോലീസ് വിവരങ്ങളും ശേഖരിക്കുന്നുണ്ട്. ഉന്നത ഉദ്യോഗസ്ഥരടക്കം വൻ പോലീസ് സന്നാഹവും സ്ഥലത്തെത്തിയിട്ടുണ്ട്.

# ആമയൂർ കൂട്ടക്കൊല; പ്രതിയുടെ വധശിക്ഷ സുപ്രീംകോടതി റദ്ദാക്കി



പട്ടാമ്പി ആമയൂർ കൊട്ടക്കൊലപാതക കേസിലെ പ്രതി റജികുമാറിന്റെ വധശിക്ഷ സുപ്രീംകോടതി റദ്ദാക്കി. 2008ൽ ഭാര്യയെയും നാലുമക്കളെയും കൊലപ്പെടുത്തിയ കേസിലാണ് റജികുമാറിന് വധശിക്ഷ നൽകിയിരുന്നത്. ഇത് ഹൈക്കോടതി ശരിവച്ചിരുന്നു. വധശിക്ഷ ശരിവച്ച ഹൈക്കോടതി വിധിയാണ് സുപ്രീംകോടതി റദ്ദാക്കിയത്. ജയിലിലെ നല്ലനടപ്പ് പരിഗണിച്ചാണ് നടപടി. ജീവിതാവസാനം വരെ പ്രതി തടവുശിക്ഷ അനുഭവിക്കണമെന്ന് കോടതി വ്യക്തമാക്കി.

കുറ്റകൃത്യത്തിന്റെ സ്വഭാവവും നടപ്പിലാക്കിയ രീതിയും പ്രതിയെ വധശിക്ഷയ്ക്ക് അർഹനാക്കുന്നുവെന്നായിരുന്നു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് അന്ന് നിരീക്ഷിച്ചത്. ഭാര്യയേയും നാലുമക്കളെയും രണ്ടാഴ്ചയ്ക്കിടെയാണ് പ്രതി കൊലപ്പെടുത്തിയതും മകളെ ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തത്. കാമുകിക്കൊപ്പം ജീവിക്കുന്നതിനായി പ്രതി 2008 ജൂലൈ എട്ടിനും 22നും ഇടയിലാണ് കൊലപാതകങ്ങൾ നടത്തിയത്. കുറ്റകൃത്യം ക്രൂരവും അത്യപൂർവമുമെന്നും കീഴ്ക്കോടതി വിധിയിൽ തെറ്റില്ലെന്നുമായിരുന്നു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് അന്ന് വ്യക്തമാക്കിയത്. പാലക്കാട് ജില്ലാ സെഷൻസ് കോടതിയാണ് പ്രതിക്ക് വധശിക്ഷ വിധിച്ചത്. ഇതിനെതിരെയാണ് പ്രതി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചതും കോടതി തള്ളിയതും.

മുൻകൂട്ടി ആസൂത്രണം ചെയ്ത് കുഞ്ഞുങ്ങളെ ഉൾപ്പെടെ കുടുംബാംഗങ്ങളെ ഒന്നൊന്നായി കൊലപ്പെടുത്തുകയും കൊലയ്ക്കു മുൻപു മകളെ പീഡനത്തിനിരയാക്കുകയും കൊലയ്ക്കു ശേഷം പശ്ചാത്താപത്തിന്റെ കണിക പോലുമില്ലാതെ കാമുകിയെ തേടിപ്പോകുകയും ചെയ്ത കഠിനഹൃദയനായ പ്രതി ദയ അർഹിക്കുന്നില്ല-എന്നായിരുന്നു കീഴ്ക്കോടതി വിധി ശരിവച്ച് ഹൈക്കോടതി അന്ന് പറഞ്ഞത്.

# തൃണമൂലുമായുള്ള കൂട്ട് വേണ്ട, അൻവറിന് മുന്നിൽ ഉപാധിവച്ച് കോൺഗ്രസ്



മലപ്പുറം: തൃണമൂൽ കോൺഗ്രസ് വഴിയുള്ള മുന്നണി പ്രവേശനം പ്രയാസമായതിനാൽ പിവി അൻവറിന് മുന്നിൽ പുതിയ ഉപാധിവച്ച് കോൺഗ്രസ്. യുഡിഎഫിലേക്ക് പ്രവേശിക്കണമെങ്കിൽ കേരള പാർട്ടി രൂപീകരിക്കണമെന്നാണ് കോൺഗ്രസ് വച്ച ഉപാധി. നാളെ നടക്കുന്ന കൂടിക്കാഴ്ചയിൽ കോൺഗ്രസ് ഇക്കാര്യം ആവശ്യപ്പെട്ടേക്കും. അൻവർ ഇതിന് വഴങ്ങിയില്ലെങ്കിൽ സഹകരണം മാത്രം മതിയെന്ന നിലപാടിലേക്ക് യുഡിഎഫ് എത്തിയേക്കും.

പിവി അൻവറിനെ മുന്നണിയിലേക്ക് എടുത്താൽ പിന്നീട് തലവേദനയാകുമോ എന്ന ആശങ്കകൾ ചില ഘടകകക്ഷികൾ കോൺഗ്രസിനെ അറിയിച്ചതായാണ് വിവരം. പിവി അൻവറുമായി സഹകരണം മതിയെന്ന അഭിപ്രായം യുഡിഎഫിൽ ശക്തമാണ്. അതുകൊണ്ട് തന്നെ അൻവർ പുതിയ പാർട്ടി സംസ്ഥാനത്ത് രൂപീകരിക്കുന്നതാവും ഉചിതമെന്നാണ് കോൺഗ്രസ് നേതാക്കളുടെ അഭിപ്രായം.

അൻവർ യുഡിഎഫിലേക്ക് പോകുന്നത് തൃണമൂൽ കോൺഗ്രസ് നേതാക്കൾക്കിടയിലും അതൃപ്തിയുണ്ട്. ഇക്കാര്യം ചൂണ്ടിക്കാട്ടി തൃണമൂൽ കോൺഗ്രസിലെ ഒരു വിഭാഗം നേതാക്കൾ മമതാ ബാനർജിക്ക് കത്തയച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ അൻവർ എന്ത് നിലപാട് സ്വീകരിക്കുമെന്നതാണ് നിർണാകമാവുക. സിപിഎമ്മുമായുള്ള സഹകരണം അവസാനിപ്പിച്ച് ഡിഎംകെയായ അൻവർ പിന്നീടാണ് തൃണമൂൽ കോൺഗ്രസിൽ ചേർന്നത്. അതുകൊണ്ട് ഇനിയൊരു പാർട്ടി രൂപീകരിച്ചാൽ അൻവറിന്റെ രാഷ്ട്രീയ ഭാവിയെ ബാധിക്കുമെന്ന ആശങ്കയുണ്ട്. അണികളോ ജനങ്ങളോ അൻവറിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

### തോളിൽ കൈവെച്ചതിനെ എതിർത്തു, യാത്രക്കാരന് ക്രൂരമർദനം; ചവിട്ടി ബസിൽ നിന്ന് തള്ളിയിട്ടു

കോഴിക്കോട്: ബസ് യാത്രക്കാരന് ക്രൂര മർദനമെന്ന് പരാതി. മാങ്കാവ് സ്വദേശി നിഷാദിനാണ് ബസിൽ വെച്ച് ക്രൂര മർദനമേറ്റത്. ഒരുമിച്ചിരുന്ന് യാത്രചെയ്യുന്നതിനിടെയാണ് പ്രതി റംഷാദ്, നിഷാദിനെ ആക്രമിച്ചത്. നിഷാദിന്റെ കൈവശമുണ്ടായിരുന്ന നാലായിരത്തോളം രൂപ തട്ടിയെടുത്തതായും പരാതിയിൽ പറയുന്നു.

ഞായറാഴ്ച രാത്രി 9.45-ഓടെയാണ് സംഭവം. മറ്റൊരു ബസിൽ ഡ്രൈവറായി ജോലി ചെയ്തുവരികയാണ് പ്രതി റംഷാദ്. റംഷാദും നിഷാദും ഒരു സീറ്റിലിരുന്ന് യാത്രചെയ്യുന്നതിനിടെ പൊക്കുന്ന് ഭാഗത്ത് എത്തിയപ്പോഴാണ് നിഷാദിനെ റംഷാദ് ആക്രമിച്ചത്.

ഒന്നിച്ചിരുന്ന യാത്രചെയ്യവെ നിഷാദിന്റെ തോളിൽ റംഷാദ് കൈവെച്ചു. ഇത് എതിർത്തതിലെ പ്രകോപനമാണ് ആക്രമിക്കാൻ കാരണമെന്നാണ് വിവരം. അതിക്രൂരമായി ബസിൽ വെച്ച് മർദിക്കുന്നതും ഇറക്കിവിടുന്നതും ദൃശ്യങ്ങളിൽ കാണാം. മറ്റു യാത്രക്കാർ ബസിൽ ഉണ്ടായിരുന്നെങ്കിലും ആരുംതന്നെ വിഷയത്തിൽ ഇടപെട്ടില്ല.

സംഭവത്തിന്റെ വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ വ്യാപമായി പ്രചരിച്ചിരുന്നു. കഴിഞ്ഞദിവസമാണ് പോലീസിൽ പരാതി ലഭിച്ചത്. തുടർന്ന് രാത്രിതന്നെ റംഷാദിനെ കസബ പോലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു.

# വിൻസി അലോഷ്യസിന്റെ പരാതി ഒത്തുതീർപ്പാക്കാൻ ശ്രമം; ഷൈൻ ടോം ചാക്കോ മാപ്പ് പറഞ്ഞതായി വിവരം



കൊച്ചി: സിനിമാ സെറ്റിൽ വച്ച് മോശമായി പെരുമാറിയെന്ന നടൻ ഷൈൻ ടോം ചാക്കോയ്ക്കെതിരായ നടി വിൻസി അലോഷ്യസിന്റെ പരാതി ഒത്തുതീർപ്പാക്കാൻ ശ്രമമെന്ന് വിവരം. ഇന്റേണൽ കമ്മിറ്റി യോഗത്തിൽ ഷൈൻ നടിയോട് മാപ്പ് പറഞ്ഞുവെന്നാണ് പുറത്തുവരുന്ന വിവരം.

ഭാവിയിൽ മോശം പെരുമാറ്റം ഉണ്ടാവില്ലെന്ന് ഷൈൻ ഉറപ്പുനൽകി. ബോധപൂർവ്വം തെറ്റ് ചെയ്തിട്ടില്ല. പെരുമാറ്റത്തിൽ ശ്രദ്ധിക്കാമെന്നും ഷൈൻ ഇന്റേണൽ കമ്മിറ്റിയെ അറിയിച്ചിട്ടുണ്ടെന്നുമാണ് വിവരം. ഇന്റേണൽ കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കുമെന്നാണ് യോഗത്തിൽ വിൻസി നിലപാട് എടുത്തത്. പൊലീസിൽ പരാതി നൽകാനില്ലെന്നും വിൻസി ആവർത്തിച്ചു.

ഷൈനെതിരെ തിടുക്കത്തിൽ നടപടി വേണ്ടെന്ന നിലപാടിലാണ് താരസംഘടന. ഫിലിം ചേംബറും താര സംഘടനയും ഇന്റേണൽ കമ്മിറ്റി യോഗത്തിന്റെ റിപ്പോർട്ടിനായി കാത്തിരിക്കുകയാണ്. റിപ്പോർട്ട് ഇന്നുതന്നെ ലഭിക്കുമെന്നാണ് സൂചന. ഇരുഭാഗത്തിനും പറയാനുള്ളത് കേട്ടതിനാൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി ഫിലിം ചേമ്പറിന്റെ മോണിറ്ററിംഗ് കമ്മിറ്റിക്ക് കൈമാറുകയാണ് അടുത്ത നടപടി. റിപ്പോർട്ടിൽ ഗൗരവകരമായ പരാമർശങ്ങൾ ഉണ്ടെങ്കിൽ ഷൈനെതിരെ നടപടി സ്വീകരിക്കാനും കമ്മിറ്റിക്ക് നിർദേശിക്കാം.

സിനിമാ സെറ്റിൽ വച്ച് ലഹരി ഉപയോഗിച്ച് ഒരു നടൻ തന്നോടും സഹപ്രവർത്തകരോടും മോശമായി പെരുമാറിയിട്ടുണ്ടെന്നാണ് വിൻസി അലോഷ്യസ് വെളിപ്പെടുത്തിയത്. സോഷ്യൽ മീഡിയയിൽ പങ്കുവച്ച വീഡിയോയിലാണ് വിൻസി ഇക്കാര്യം തുറന്നുപറഞ്ഞത്. ലഹരി ഉപയോഗിക്കുന്ന ആളുകൾക്കൊപ്പം ഇനി അഭിനയിക്കില്ലെന്ന തന്റെ പ്രസ്താവനയെക്കുറിച്ച് വിശദീകരിക്കുമ്പോഴായിരുന്നു വിൻസി ഇക്കാര്യം വ്യക്തമാക്കിയത്. എന്നാൽ നടന്റെ പേരോ സിനിമയുടെ പേരോ വെളിപ്പെടുത്തിയിരുന്നില്ല. 'സൂത്രവാക്യം' എന്ന സിനിമയുടെ സെറ്റിൽ വച്ച് നടൻ ഷൈൻ ടോം ചാക്കോയാണ് വിൻസിയോട് മോശമായി പെരുമാറിയതെന്ന വിവരം പിന്നീട് പുറത്തുവരികയായിരുന്നു. ഷൈനിനെതിരെ വിൻസി ഫിലിം ചേംബറിന് പരാതി നൽകിയതിന് പിന്നാലെയായിരുന്നു ഇത്.

### മാർപാപ്പയുടെ വിയോഗം: രാജ്യത്ത് 3 ദിവസം ദുഃഖാചരണം

ന്യൂഡൽഹി: ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തെ തുടർന്ന് മൂന്ന് ദിവസം രാജ്യത്ത് ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ഇന്നും നാളെയും സംസ്കാരം നടക്കുന്ന ദിവസവും ദുഃഖാചരണത്തിനാണ് കേന്ദ്രസർക്കാർ തീരുമാനം. ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടി. സർക്കാർ ആഘോഷങ്ങൾ ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്.

### പട്ടാപ്പകൽ ഗുണ്ടായിസം

തൃശൂർ: അഞ്ചേരിച്ചിറയിൽ പട്ടാപ്പകൽ കടയിൽകയറി കത്തികാട്ടി ഗുണ്ടായിസം. കടയുടമ സന്തോഷിനെ 3 യുവാക്കൾ ചേർന്ന് മർദ്ദിച്ചു. പോലീസ് ജീപ്പ് കണ്ടതോടെ യുവാക്കൾ ഓട്ടോയിൽ രക്ഷപ്പെട്ടു. അക്രമി സംഘങ്ങൾ രക്ഷപ്പെടുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്ത്.

# മിഹിറിന്റെ ആത്മഹത്യ; റാഗിംങ് അല്ല മരണകാരണമെന്ന് പൊലീസ് റിപ്പോർട്ട്



കൊച്ചി: തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി മിഹിർ അഹമ്മദിന്റെ ആത്മഹത്യയ്ക്ക് കാരണം റാഗിംങ് അല്ലെന്ന് പൊലീസ് റിപ്പോർട്ട്. റാഗ് ചെയ്തതിന് തെളിവുകളൊന്നും ഇല്ല. ആത്മഹത്യയുടെ കാരണം റാഗിംങ് അല്ല, കുടുംബ പ്രശ്നങ്ങളാണെന്നും വ്യക്തമാക്കുന്ന റിപ്പോർട്ടാണ് പുത്തൻകുരിശ് പൊലീസ് ആലുവ എസ്പിക്ക് സമർപ്പിച്ചിരിക്കുന്നത്.

ഇക്കഴിഞ്ഞ ജനുവരി 15നാണ് തൃപ്പൂണിത്തുറയിലെ ഫ്ളാറ്റ് സമുച്ചയത്തിൽ നിന്ന് ചാടി ഗ്ലോബൽ പബ്ലിക് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി മിഹിർ ജീവനൊടുക്കിയത്. പിന്നാലെ സ്കൂളിൽ നിന്ന് നേരിട്ട ക്രൂരമായ റാഗിംങാണ് തന്റെ മകന്റെ ആത്മഹത്യക്ക് കാരണമെന്ന് ആരോപിച്ച് മിഹിറിന്റെ മാതാവ് രംഗത്തെത്തുകയായിരുന്നു.

മറ്റ് കുട്ടികളിൽ നിന്ന് ക്രൂരമായ പീഡനമാണ് ഏറ്റുവാങ്ങിയതെന്നും ക്ലോസറ്റിൽ തല താഴ്ത്തിവച്ച് ഫ്ളഷ് ചെയ്യുന്നതുൾപ്പെടെയുള്ള പീഡനം അനുഭവിച്ചിരുന്നുവെന്നും കുട്ടിയുടെ അമ്മ വ്യക്തമാക്കിയിരുന്നു. ഇതിന് പുറമേ നിറത്തിന്റെ പേരിലും കുട്ടി കളിയാക്കലുകൾക്ക് വിധേയനായെന്നും ആരോപണമുയർന്നിരുന്നു. പിന്നാലെ സ്കൂളിനും പ്രിൻസിപ്പലിനുമെതിരെ വലിയ രീതിയിലുള്ള പ്രതിഷേധങ്ങൾ ഉയർന്നു.

മരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പും അന്വേഷണ റിപ്പോർട്ട് കൈമാറിയിരുന്നു. ഇതിന് പിന്നാലെയാണ് മരണകാരണം റാഗിംങ് അല്ലെന്ന് വ്യക്തമാക്കി പൊലീസ് റിപ്പോർട്ട് നൽകിയിരിക്കുന്നത്. അതേസമയം, മിഹിറിന്റെ മരണവുമായി ബന്ധപ്പെട്ട് ദുരൂഹത ആരോപിച്ച് പിതാവ് ആദ്യം പരാതി നൽകിയിരുന്നു. പിന്നാലെയാണ് റാഗിംങ് ആരോപണം ഉന്നയിച്ച് മാതാവ് പൊലീസിൽ പരാതിപ്പെട്ടത്.

മാതാവിനും രണ്ടാനച്ഛനുമൊപ്പം തൃപ്പൂണിത്തുറയിലെ ഫ്ളാറ്റിൽ താമസിക്കുന്ന മകൻ തന്നെ സ്ഥിരമായി വിളിക്കാറുണ്ടായിരുന്നുവെന്നും എന്തെങ്കിലും പ്രശ്നമുള്ളതായി മകൻ പറഞ്ഞിട്ടില്ലെന്നും പിതാവ് ഷഫീഖ് മാടമ്പാട്ട് പറഞ്ഞിരുന്നു.

മിഹിർ മരിക്കുന്നതിന് തൊട്ടുമുമ്പ് രണ്ടാനച്ഛനുമായി സംസാരിച്ചിരുന്നുവെന്നും അത് എന്താണെന്ന് കണ്ടെത്തണമെന്നും മരിക്കുന്ന സമയത്ത് ആരൊക്കെ ഫ്ളാറ്റിൽ ഉണ്ടായിരുന്നു എന്ന് അറിയണമെന്നും ആവശ്യപ്പെട്ടാണ് പൊലീസിൽ പരാതി നൽകിയിരുന്നത്.

മിഹിറുമായുള്ള ചാറ്റിന്റെ സ്ക്രീൻ ഷോട്ടുകളടക്കം വച്ചുകൊണ്ടാണ് പിതാവ് പരാതി നൽകിയിരുന്നത്.

# ഐബി ഉദ്യോഗസ്ഥയുടെ മരണം; ഡിജിപിയെ കാണാൻ കുടുംബം, സുകാന്ത് ഇപ്പോഴും ഒളിവിൽ




തിരു: ഐബി ഉദ്യോഗസ്ഥയുടെ മരണത്തിൽ കുടുംബം ഇന്ന് ഡിജിപിയെ കാണുമെന്ന് വിവരം. മരണത്തിൽ സഹപ്രവർത്തകനും മലപ്പുറം എടപ്പാൾ സ്വദേശിയുമായ സുകാന്ത് സുരേഷിന് പങ്കുണ്ടെന്നാണ് കുടുംബം ആരോപിക്കുന്നത്. സുകാന്തിനെ കണ്ടെത്താൻ ഇതുവരെ പൊലീസിന് കഴിഞ്ഞിട്ടില്ല.

അതേസമയം, ഐബി ഉദ്യോഗസ്ഥ ട്രെയിനിന് മുന്നിൽ ചാടി മരിച്ച സംഭവത്തിൽ സുകാന്ത് സുരേഷിനെ സർവീസിൽ നിന്ന് പിരിച്ചുവിട്ടു. കൊച്ചി വിമാനത്താവളത്തിൽ എമിഗ്രേഷൻ പ്രൊബേഷണറി ഓഫീസറായിരുന്നു സുകാന്ത്. പ്രൊബേഷൻ സമയമായതിനാൽ നിയമ തടസങ്ങളില്ലെന്ന് വിലയിരുത്തിയാണ് വകുപ്പുതല അന്വേഷണത്തിന് പിന്നാലെ നടപടിയെടുത്തത്. യുവതിയുടെ മരണത്തിൽ ഇയാളെ പൊലീസ് പ്രതിചേർത്തിരുന്നു. ഐബി ഉദ്യോഗസ്ഥയുടെ മരണത്തിന് പിന്നാലെ കുടുംബസമേതമാണ് ഇയാൾ ഒളിവിൽ പോയത്. സുകാന്തിന്റെ മുൻകൂർ ജാമ്യാപേക്ഷ ഇന്ന് ഹൈക്കോടതി പരിഗണിക്കും.

മാർച്ച് 24നാണ് തിരുവനന്തപുരം ചാക്കയ്ക്ക് സമീപം റെയിൽവേ പാളത്തിൽ ഐബി ഉദ്യോഗസ്ഥയെ മരിച്ച നിലയിൽ കണ്ടെത്തിയത്. സുകാന്തുമായി പെൺകുട്ടി അടുപ്പത്തിലായിരുന്നു. സാമ്പത്തികമായും ശാരീരികമായും ചൂഷണം ചെയ്ത ശേഷം വിവാഹ ബന്ധത്തിൽ നിന്ന് സുകാന്ത് പിൻമാറിയതിന്റെ മാനസിക വിഷമത്തിലാണ് യുവതി ആത്മഹത്യ ചെയ്തതെന്നാണ് പൊലീസ് കേസ്. പെൺകുട്ടി ഗർഭച്ഛിദ്രം നടത്തിയതിന്റെ തെളിവുകളും ഇവർ തമ്മിലുള്ള വാട്സാപ്പ് ചാറ്റും ഉൾപ്പെടെ പൊലീസിന് ലഭിച്ചിരുന്നു. മരിക്കുന്നതിന് തൊട്ടുമുമ്പും സുകാന്തിനോടാണ് ഐബി ഉദ്യോഗസ്ഥ സംസാരിച്ചതെന്നും പൊലീസ് കണ്ടെത്തിയിരുന്നു.

കഴിഞ്ഞ ദിവസം സുകാന്തിന്റെ വീട്ടിൽ പൊലീസ് പരിശോധന നടത്തിയിരുന്നു. കോടതി ഉത്തരവുമായി എത്തിയ പൊലീസ് പൂട്ട് പൊളിച്ചാണ് അകത്തു കയറിയത്. പരിശോധന രണ്ടര മണിക്കൂറോളം നീണ്ടു. ഒരു ഹാർഡ് ഡിസ്കും രണ്ട് ബാങ്ക് പാസ് ബുക്കുകളും പൊലീസ് പിടിച്ചെടുത്തു.

# ക്ഷേത്ര ദർശനത്തിന് പോയ സഹോദരിമാരെ കാണാനില്ല; പോയത് ഫോൺ എടുക്കാതെ



പാലക്കാട്: ക്ഷേത്ര ദർശനത്തിന് പോയ വയോധികരായ സഹോദരിമാരെ കാണാനില്ലെന്ന് പരാതി. പാലക്കാട് ചാലിശ്ശേരി സ്വദേശികളായ അമ്മിണി (76), ശാന്ത (68) എന്നിവരെയാണ് കാണാതായത്. ഗുരുവായൂരിൽ പോകുകയാണെന്ന് പറഞ്ഞ് ഞായറാഴ്ച രാവിലെ 9 മണിയോടെയാണ് ഇവർ വീട്ടിൽ നിന്നിറങ്ങിയത്.

ഇവർ ഒന്നിച്ചാണ് താമസം. ഇരുവരും പതിവായി ഗുരുവായൂരിൽ പോകാറുണ്ട്. വൈകിട്ടോടെ തിരിച്ചെത്തുകയും ചെയ്യാറുണ്ട്. എന്നാൽ ഞായറാഴ്ച വൈകിയും തിരിച്ചെത്താതായതോടെ ഫോണിൽ വിളിച്ചുനോക്കി. ഇരുവരും മൊബൈൽ ഫോൺ കൊണ്ടുപോയില്ലെന്ന് അപ്പോഴാണ് വീട്ടുകാർക്ക് മനസിലായത്.

സിസിടിവി കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ അമ്മിണിയും ശാന്തയും വൈകിട്ടോടെ പാലക്കാട് കെ എസ് ആർ ടി സി സ്റ്റാൻഡിൽ എത്തിയതായി കണ്ടെത്തി. ഇവിടെ നിന്ന് തിരുപ്പതിയിലേക്ക് ബസുണ്ടോയെന്ന് ചിലരോട് അന്വേഷിച്ചിരുന്നതായും റിപ്പോർട്ടുകളുണ്ട്. അത്യാവശ്യത്തിന് പണം ഇരുവരുടെയും കൈവശമുണ്ട്.

അതേസമയം, മലപ്പുറം പൊന്നാനിയിൽ നിന്ന് പതിനഞ്ചുവയസുകാരനായ ആൺകുട്ടികളെ കാണാതായി. ഞായറാഴ്ച മുതലാണ് കുട്ടികളെ കാണാതായതെന്നാണ് പരാതി. ഷാനിഫ്, റംനാസ്, കുഞ്ഞുമോൻ എന്നിവരെയാണ് കാണാതായത്. പത്താം ക്ലാസ് വിദ്യാർത്ഥികളാണ്. മൂന്ന് പേരും വെവ്വേറെ സ്കൂളുകളിലാണ് പഠിക്കുന്നത്. കളിക്കൂട്ടുകാരാണ് ഇവർ.

ബംഗളൂരുവിൽ പോയി അടിച്ചുപൊളിക്കണമെന്ന് കുട്ടികളിലൊരാൾ പിതാവിന്റെ മാതാവിനോട് പറഞ്ഞിരുന്നു. മൂന്ന് പേരുടെ കൈയിലും മൊബൈൽ ഫോണില്ല. വീട്ടിൽ നിന്ന് പണമൊന്നും നഷ്ടമായില്ലെന്നാണ് രക്ഷിതാക്കൾ പറയുന്നത്. സംഭവത്തിൽ പൊലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

### യുവാവ് തൂങ്ങിമരിച്ചു

ആമ്പല്ലൂർ: കല്ലൂരിന് സമീപം മുട്ടിത്തടിയിൽ കോവാത്ത് മോഹനൻ മകൻ ദിനോജ് (35) വീട്ടിനുള്ളിൽ തൂങ്ങിമരിച്ചു. ഭാര്യയും 2 മക്കളുമുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടാണ് മരണത്തിന് കാരണം


### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

OP: 843/2023

ചാവക്കാട് താലൂക്ക് തൈക്കാട് വില്ലേജ് ദേശത്ത് പൂളക്കൽ അഹ്മദുൽ കബീർ മകൾ 24 വയസ് മെഹജബിൻ എന്നവർക്കുവേണ്ടി ടിയിൽ താമസം മുക്ത്യാർകാരിയും മാതാവുമായ ഹഫ്സത്ത്

-ഹരജിക്കാരി

കണ്ണൂർ ജില്ല പയ്യന്നൂർ താലൂക്ക് വെള്ളൂർ വില്ലേജ് അണ്ണൂർ ദേശത്ത് തായ്നെരി റോഡ്, അണ്ണൂർ പോസ്റ്റ് ഓഫീസ് (പിൻ-670307) പരിധിയിൽ റിയാദ് മൻസിൽ താമസം അബ്ദുൾ റഹ്മാൻ മകൻ 30 വയസ് നൗഫൽ റഹ്മാൻ

-എതൃകക്ഷി

മേൽ നമ്പറിൽ എതിർകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **26-05-2024** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം എതിർകക്ഷി നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ബഹു. കോടതിയിൽ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം എതിർകക്ഷിയെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-04-2024

ഹരജിക്കാരി ഭാഗം അഡ്വക്കെറ്റ്

**പി യു അലി** (ഒപ്പ്)



### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

OP: 430/2024

അനുഷ എം എം, 27 വയസ്, D/o. മണികണ്ഠൻ, മാമ്മരക്കാട്ട് ഹൗസ്, തമ്പുരാൻപടി, കോട്ടപ്പടി പി ഒ., പൂക്കോട് വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല-680505

-ഹരജിക്കാരി

അജിത്കുമാർ കെ, 30 വയസ്, S/o. ദാസൻ, കുന്നത്തേയിൽ ഹൗസ്, തൃക്കാവ് ദേശം, പൊന്നാനി പി ഒ., പൊന്നാനി വില്ലേജ്, പൊന്നാനി താലൂക്ക്, മലപ്പുറം ജില്ല, പിൻ-679577

-എതൃകക്ഷി

**പത്രപരസ്യം**

മേൽ നമ്പർ കേസ് ഹരജിക്കാരിക്ക് എതിർകക്ഷിയിൽ നിന്ന് വിവാഹമോചനം ലഭിക്കുന്നതിന് വേണ്ടിയാണ് ബോധിപ്പിച്ചിട്ടുള്ളത്. മേൽ നമ്പർ കേസ് **05-05-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളൊ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപവും മറ്റോ ബോധിപ്പിക്കാത്ത പക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-03-2025

ഹരജിഭാഗം അഡ്വക്കെറ്റ്

**വിജി കെ പി** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## ആം ആദ്മി പാർട്ടിയുടെ തൃശ്ശൂർ ജില്ല പ്രസിഡണ്ടായി ഡോ.ഷാജു കെ. വൈ. ചുമതലയേറ്റു



തൃശർ: ആം ആദ്മി പർട്ടിയുടെ തൃശർ ജില്ലാ പ്രസഡണ്ടായി ഡോ. ഷാജു വൈ. ചുമതലയേറ്റു. വെള്ളിക്കുളങ്ങര കോപ്ളിപ്പാടം, അഴകത്ത് കാവുങ്കൽ യോഹന്നാൻ - മേരി ദമ്പതികളുടെ മകനായി ജനിച്ച അദ്ദേഹം ഗവൺമെൻറ് എൽ.പി. സ്കൂൾ കോടാലി, പ്രസന്റേഷൻ കോൺവെൻറ് വെള്ളികുളങ്ങര, ശ്രീകൃഷ്ണ ഹൈസ്കൂൾ മറ്റത്തൂർ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസവും ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ നിന്നു ഡിഗ്രിയും പൂർത്തിയാക്കി. തൃശ്ശൂർ സെൻറ് തോമസ് കോളേജിൽ നിന്നും ബിരുദാനന്തര ബിരുദവും ഒന്നാം സ്ഥാനത്തോടെ കരസ്ഥമാക്കി.

തുടർന്ന് 1989 ൽ ഫിസിക്സ് വിഭാഗം അധ്യാപകനായി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ജോലിയിൽ പ്രവേശിക്കുകയും 34 വർഷത്തെ സേവനത്തിന് ശേഷം ഫിസിക്സ് വിഭാഗം തലവനായും കോളേജിലെ വൈസ് പ്രിൻസിപ്പൽ ആയും 2023 - ൽ വിരമിച്ചു. സർവ്വീസ് കാലഘട്ടത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ഫിൽ ബിരുദവും ഫിസിക് സിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. പന്ത്രണ്ടോളം ഫിസിക്സ് പുസ്തകൾ രചിച്ചിട്ടുണ്ട്.

അക്കാദമി ഓഫ് ഫിസിക്സ് ടീച്ചേഴ്സ് (എ.പി.ടി.) കേരളയുടെ പ്രസിഡണ്ട്, സെക്രട്ടറി എന്നീ നിലകളിൽ നിരവധി കാലം സേവനമനുഷ്ഠിച്ചു. കോളേജ് അധ്യാപകരുടെ സ്വതന്ത്ര സംഘടനയായ കോളേജ് അദ്ധ്യാപക ഐക്യ സംഘത്തിന്റെ രൂപികരണത്തിൽ മുഖ്യ പങ്കു വഹിച്ചു. കഴിഞ്ഞ രണ്ടുവർഷം ആം ആദ്മി പാർട്ടിയുടെ തൃശ്ശൂർ ജില്ല ജോയിൻറ് സെക്രട്ടറി ആയിരുന്നു.

വരുന്ന ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ തൃശൂർ കോർപ്പറേഷനിലും ജില്ലയിലെ പരമാവധി പഞ്ചായത്തുകളിലും മൽസരിക്കുമെന്നു അദ്ദേഹം വ്യക്തമാക്കി.

## വിവിധ പള്ളികളിൽ ഉയിർപ്പ് പെരുന്നാൾ ആഘോഷിച്ചു

തൃശൂർ: മാർത്ത് മറിയം വലിയ പള്ളിയിൽ ഉയിർപ്പ് പെരുന്നാൾ ആഘോഷിച്ചു. ഭക്തി നിർഭരമായ മെഴുക് തിരി പ്രദക്ഷിണം വലിയ പള്ളിയിൽ പ്രവേശിച്ച ശേഷം ഉയിർപ്പിന്റെ ആശിർവാദവും, തുടർന്ന് ഉയിർപ്പു പെരുന്നാൾ വിശുദ്ധ കുർബാന മാർ ഔഗിൻ കുര്യാക്കോസ് മെത്രപോലീത്ത നിർവഹിക്കുകയും ചെയ്തു. കോത്ത ബ്രിഹാ ആശിർവാദവും ഉയിർപ്പിന്റെ സ്നേഹ വിരുന്നും ഉണ്ടായിരുന്നു.

പറവട്ടാനി ചർച്ച സ്ക്വയർ: മാർ അദ്ദായ് ശ്ലീഹ പള്ളിയിൽ ഉയിർപ്പു പെരുന്നാൾ വിശുദ്ധ കുർബാന വികാരി റവ.റൂണോ വർഗീസ് കശീശ നിർവഹിച്ചു. റവ.തിമൊഥെയോസ് ജോയ് കശീശ സഹകാർമ്മികനും ആയിരുന്നു.

പട്ടിക്കാട്:മാർ തോമാ ശ്ലീഹാ പള്ളിയിൽ ഉയിർപ്പ് പെരുന്നാളിന്റെ ഭക്തി നിർഭരമായ മെഴുകുതിരി പ്രദക്ഷിണവും തുടർന്ന് വിശുദ്ധ കുർബാനയും ഉണ്ടായിരുന്നു. വികാരി റവ.സിറിൽ ആന്റണി കശീശ കാർമികത്വം വഹിച്ചു. ഉയിർപ്പിന്റെ സ്നേഹ വിരുന്നും ഉണ്ടായിരുന്നു.

പീച്ചി: മാർ യാക്കോബ് മ് പ്സ്ക പള്ളിയിൽ ഉയിർപ്പു പെരുന്നാളിന്റെ വിശുദ്ധ കുർബാന വികാരി റവ.ടി.ഓ.ഇഗ്നേഷസ് കശീശ നിർവഹിച്ചു. കോത്ത ബ്രിഹാ ആശിർവാദവും ഉയിർപ്പിന്റെ സ്നേഹ വിരുന്നും ഉണ്ടായിരുന്നു.


## മുക്കാട്ടുകര സെന്റ് ജോർജ്ജ് ദേവാലയത്തിലെ സംയുക്ത തിരുനാളിന് കൊടികയറി



തൃശൂർ: മുക്കാട്ടുകര സെ.ജോർജജസ് ദൈവാലയത്തിലെ ഉയിർപ്പ് തിരുകർമ്മങ്ങളും, സംയുക്ത തിരുന്നാൾ കൊടികയറ്റവും മനോഹരമായി. ദുഃഖ ശനിയാഴ്ച രാത്രി 11.30ന് ആരംഭിച്ച ഉയർപ്പ് തിരുന്നാൾ തിരുകർമ്മങ്ങൾക്ക് ഇടവക വികാരി ഫാ.പോൾ പിണ്ടിയാൻ നേതൃത്വം നൽകി. തുടർന്ന് ഉത്ഥിതനായ ദൈവകുമാരന്റെ തിരുസുരൂപം വഹിച്ചുകൊണ്ട് ദൈവാലയത്തെ വലം വെച്ച് മനോഹരമായ പ്രദക്ഷിണത്തിൽ ഇടവക ജനങ്ങൾ പ്രാർത്ഥനാപൂർവ്വം പങ്കുചേർന്നു.

വിശുദ്ധ കുർബാനയ്ക്ക് ശേഷം വിശുദ്ധ സെബസ്ത്യാനോസിന്റെയും, വിശുദ്ധ ഗീവർഗീസിനെയും, പരിശുദ്ധ കന്യകാമറിയത്തിന്റെയും 242-മത് സംയുക്ത തിരുനാളിന് ഇടവക വികാരി ഫാ. പോൾ പിണ്ടിയാൻ തിരുനാൾ കൊടി കയറ്റ കർമ്മം നിർവഹിച്ചു വിവിധങ്ങളായ പ്രാർത്ഥന നിർഭരമായ ചടങ്ങുകൾക്ക് അസി. വികാരി ഫാ. ഫ്രാൻസിസ് പുത്തൂക്കര, ബ്രദർ. ജോബി വടയാട്ടുകുഴി, തിരുകുടുംബ സന്യാസ സമൂഹത്തിലെ സിസ്റ്റേഴ്സ്, തിരുനാൾ കൺവീനർ റോബിൻ പോൾ, ജോയിൻ കൺവീനർ ജോഷി സി.ഡി ഇടവക കൈകാരന്മാരായ വിൻസൻറ് കവലക്കാട്, സി. സി സാജൻ, ജോൺസൺ പാലക്കൻ, ഡാനി ഡേവിസ്, ഇടവക പി. ആർ. ഒ നിധിൻ ജോസ്, ഭക്തസംഘടനാംഗങ്ങൾ, കുടുംബ കൂട്ടായ്മ പ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി. 2025 ഏപ്രിൽ 25,26,27,28 തീയതികളിൽ സംയുക്ത തിരുനാൾ ആഘോഷിക്കുന്നു.

## ജെ ഇ ഇ മെയിൻസിൽ ആകാശ് വിദ്യാർഥികൾക്ക് മികച്ച വിജയം



തിരു: ജെ ഇ ഇ മെയിൻസ് (സെഷൻ 2) 2025ൽ മികച്ച വിജയം നേടിയ ആകാശ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർഥികളെ അനുമോദിച്ചു. കേരളത്തിൽ ആകാശിലെ പത്തിലേറെ വിദ്യാർഥികൾ ഇത്തവണ 99 പെർസൈന്റലിന് മുകളിൽ നേടിയിട്ടുണ്ട്.

തിരുവനന്തപുരം ആകാശിലെ മൂന്ന് വിദ്യാർഥികളാണ് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചത്. ആര്യൻ വി നായർ ആൾ ഇന്ത്യയിൽ 2070-ാം റാങ്കും ജോഷ ജേക്കബ് തോമസ് 3982-ാം റാങ്കും അദിക് 11554-ാം റാങ്കും കരസ്ഥമാക്കി.

കൊച്ചിയിൽ നിന്നുള്ള ആറു വിദ്യാർഥികളാണ് മികച്ച പ്രകടനം കാഴ്ചവെച്ചത്. അനിരുഖ് എം അഭിലാഷ് 2936, ദിനേശ് പാലിവാൽ 4746, പ്രണവ് പെരിങ്ങേത്ത് 5647, ആൽഡിൻ കോറിയ 5929, വിനീത് കുമാർ സിംഗ് 10385, എ ആദിത്യ 12947 എന്നിവരാണ് മികച്ച നേട്ടം കരസ്ഥമാക്കിയത്.

കോഴിക്കോടു നിന്നുള്ള രശിഖ് സബീബ് 13966-ാം റാങ്കിന്റെ മികവാണ് കരസ്ഥമാക്കിയത്. ഇന്ത്യയിലെ ഏറ്റവും കഠിനമായ പരീക്ഷകളിലൊന്നായ ജെ ഇ ഇയിൽ വിദ്യാർഥികൾ കാഴ്ചവെച്ച നേട്ടം അവരുടെ സമർപ്പണവും അക്കാദമിക് മികവുമാണ് പ്രകടമാക്കുന്നത്.

ജെ ഇ ഇ മെയിൻ 2025ൽ ആകാശ് വിദ്യാർഥികൾ കൈവരിച്ച വിജയം അഭിമാനപൂർവ്വം ആഘോഷിക്കുന്നതായും അവരുടെ കഠിന പ്രയത്നവും ദൃഢനിശ്ചയവുമാണ് മികച്ച ഫലങ്ങൾക്ക് കാരണമായതെന്നും ആകാശ് എഡ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് ചീഫ് അക്കാദമിക് ഹെഡ് ധീരജ് കുമാർ മിശ്ര പറഞ്ഞു.

ഏരിയാ മാനേജർ ജയകൃഷ്ണൻ, അസിസ്റ്റന്റ് ഡയരക്റ്റർ ആനന്ദ് കുശ് വഹ, അക്കാദമിക് മേധാവികളായ സജിത്ത്, നീന മോൾ എന്നിവർ അനുമോദന ചടങ്ങിൽ പങ്കെടുത്തു.

## അനുശോചിച്ചു

തൃശൂർ: ആഗോള കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തിൽ തൃശ്ശൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി അനുശോചിച്ചു.

ലോക സമാധനത്തിനും സമൂഹ നന്മയ്ക്കും സർവോപരി പാവങ്ങൾക്കും വേണ്ടി നിരന്തരം പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്ത മഹാവ്യക്തിത്വമായിരുന്നു ഫ്രാൻസിസ് പാപ്പയുടേതെന്ന് ഡിസിസി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് അനുസ്മരിച്ചു.

മാർപ്പാപ്പയുടെ വേർപാടിൽ ദുഃഖം രേഖപ്പെടുത്തി വരും ദിവസങ്ങളിൽ നടത്താൻ നിശ്ചയിച്ചിരുന്ന കോൺഗ്രസിന്റെ നിയോജക മണ്ഡലം നേതൃത്വ യോഗങ്ങളും മൂന്ന് ദിവസത്തെ ഔദ്യോഗിക പരിപാടികളും മാറ്റിവെച്ചതായും അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു.

## ഗാർഗ്ഗി-കലോത്സവ വിദ്യാർത്ഥി പുരസ്കാര സമർപ്പണം നാളെ

തൃശൂർ: അങ്കണം ഷംസുദ്ദീൻ സ്മൃതിയുടെ മൂന്നാമത് ഗാർഗ്ഗി-കലോത്സവ വിദ്യാർത്ഥി പുരസ്കാര സമർപ്പണം നാളെ നടക്കും. തൃശൂർ പഴയ നടക്കാവ് ശ്രീഭദ്രമണ്ഡപത്തിൽ രാവിലെ 11ന് നടക്കുന്ന ചടങ്ങിൽ നാടകാചാര്യൻ സി.എൽ ജോസ് അവാർഡ് സമർപ്പണം നിർവ്വഹിക്കും. കവി സി. രാവുണ്ണി മുഖ്യപ്രഭാഷണവും ഡോ. സുഖലത അനുമോദന പ്രസംഗവും നടത്തും. ഡോ.പി സരസ്വതി അധ്യക്ഷയായിരിക്കും. ഇ.കെ ഷാഹിന, നിവേദിത മാനഴി, ഉമാദേവി തുരുത്തേരി, ഡോ. വി.സി സുപ്രിയ എന്നിവർക്കാണ് ഈ വർഷത്തെ ഗാർഗ്ഗി പുരസ്കാരങ്ങൾ. അലീന മേരി സി.ആർ, ഇ.എസ് ആമി, അലക്സ് അനിൽ എന്നിവർ വിദ്യാർത്ഥി പുരസ്കാരങ്ങളും ഏറ്റുവാങ്ങും.

## വെൽഫെയർ പാർട്ടി കളക്ടർക്ക് നിവേദനം നൽകി

തൃശൂർ: ദേശീയപാത 544 ൽ അടിപ്പാത നിർമാണത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്ക് തീരും വരെ ടോൾ പിരിവ് നിർത്തിവെക്കണമെന്ന കളക്ടറുടെ ഉത്തരവ് പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് വെൽഫെയർ പാർട്ടി ജില്ലാ കളക്ടർക്ക് നിവേദനം നൽകി. കളക്ടർ അർജുൻ പാണ്ഡ്യനെ സന്ദർശിച്ച് പാർട്ടി ജില്ലാ ജനറൽ സെക്രട്ടറി ഉമൈറ കെ.എസ് ന്റെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

ഗതാഗതക്കുരുക്ക് നേരിടുന്ന ദേശീയപാത - 544 ലെ പാലിയേക്കര ടോൾ പിരിവ് താൽകാലികമായി നിർത്തിവെക്കണമെന്ന കളക്ടറുടെ ഉത്തരവ് ഉടൻ തന്നെ മരവിപ്പിച്ചതായ വാർത്ത വന്ന സാഹചര്യത്തിലാണ് വെൽഫെയർ പാർട്ടി നിവേദനം നൽകിയത്.

ജില്ലാ അസി.സെക്രട്ടറി ഷെമീറ നാസർ, എക്സിക്യൂട്ടീവ് അംഗം നവാസ് എടവിലങ്ങ്, തൃശൂർ മണ്ഡലം കമ്മിറ്റിയംഗം സജിത്ത് അലി എന്നിവരടങ്ങിയ സംഘമാണ് നിവേദനം നൽകിയത്.

## അമലയിൽ ലോക കരൾ ദിനാചരണം



തൃശൂർ: അമല മെഡിക്കൽ കോളേജ് ഗ്യാസ്ട്രോ വിഭാഗം നടത്തിയ ലോക കരൾ ദിനാചരണത്തി ന്റെയും സൗജന്യ മെഡിക്കൽ ക്യാമ്പിന്റെ യും ഉദ്ഘാടനം ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ നിർവ്വഹിച്ചു. ജോയിൻറ് ഡയറക്ടർമാരായ ഫാ. ഡെൽജോ പുത്തൂർ, ഫാ. ആൻറണി പെരിഞ്ചേരി, ഗ്യാസ്ട്രോ മേധാവി ഡോ.സോജൻ ജോർജ്ജ, പ്രൊഫസ്സർ ഡോ. റോബർട്ട് പനയ്ക്കൽ, ഡോ.രജനി ആൻറണി, ഡോ.ജോമോൻ, ഡോ. വിനീഷ് എന്നിവർ പങ്കെടുത്തു. ദിനാചരണത്തിൻറെ ഭാഗമായി ബോധവൽക്കരണക്ലാസ്സ്, ഫ്ളാഷ് മോബ് എന്നിവയും നടത്തി.

## ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റ് നാളെ തുടങ്ങും

ഇരിങ്ങാലക്കുട : കല്ലേറ്റുംകര കോസ്മോപൊളിറ്റൻ സോഷ്യൽ & റിക്രിയേഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്ലബ്ബ് സ്ഥാപകൻ കെ.പി. ജോസ് മെമ്മോറിയൽ ട്രോഫിക്കു വേണ്ടിയുള്ള 5-ാമത് അഖില കേരള ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റ് ഏപ്രിൽ 22ന് ആരംഭിക്കും.

'കായിക വിനോദത്തിലൂടെ ലഹരിക്കെതിരെ' എന്ന മുദ്രാവാക്യമുയർത്തി ബിഗിനർ, 70 പ്ലസ് എന്നീ വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്.

ബിഗിനർ കാറ്റഗറിയിൽ ടിബ ബിഗിനർ ഐഡി ഉള്ളവർക്ക് മാത്രമാണ് പ്രവേശനം. 70 പ്ലസ് കാറ്റഗറിയിൽ മത്സരിക്കുന്ന രണ്ട് കളിക്കാരുടെയും ആകെ പ്രായം 70 വയസ്സിൽ കൂടുതലായിരിക്കണം. മത്സരങ്ങളുടെ ഉദ്ഘാടനം ചൊവ്വാഴ്ച വൈകീട്ട് 7.30ന് ആളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ജോജോ നിർവഹിക്കും. ഇരിങ്ങാലക്കുട ഡി. വൈ. എസ്. പി. കെ. ജി. സുരേഷ് മുഖ്യാതിഥി ആയിരിക്കും. സംസ്ഥാനത്തെ മികച്ച താരങ്ങൾ ഉൾപ്പെടെ 50ൽ അധികം ടീമുകൾ ടൂർണമെന്റിൽ പങ്കെടുക്കും.

വിജയികൾക്ക് പൈലറ്റ് സ്മിത്ത് പ്രൈവറ്റ് ലിമിറ്റഡ്, സാംസ് പേപ്പർ വർക്ക് കല്ലേറ്റുംകര, ട്രിനിറ്റി ട്രാവൽസ് ഇരിങ്ങാലക്കുട, വാലപ്പൻ എക്സിം പ്രൈവറ്റ് ലിമിറ്റഡ് എന്നിവർ സ്പോൺസർ ചെയ്യുന്ന ക്യാഷ് അവാർഡുകളും ട്രോഫികളും നൽകുമെന്ന് പ്രസിഡന്റ് ടി.എ.വർഗീസ്, സെക്രട്ടറി ബൈജു ആന്റണി, എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ടി.പി. ആന്റു, ഓഫീസ് സെക്രട്ടറി ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

## ലഹരി മുക്ത നാടിനായി കൈ കോർക്കുക: വിസ്ഡം സ്റ്റുഡന്റ്സ് തൃശൂർ




തൃശൂർ: വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, അസാന്മാർഗിക പ്രവണതകൾ തുടങ്ങിയവക്കെതിരെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ വിസ്ഡം ഇസ്ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ തൃശൂർ മണ്ഡലം സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ധർമ്മസമര സംഗമം 21ന് തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ മുമ്പിൽ നടന്നു.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മെയ് 11ന് മലപ്പുറം പെരിന്തൽമണ്ണയിൽ സംഘടിപ്പിക്കുന്ന കേരള സ്റ്റുഡൻസ് കോൺഫറൻസിന്റെ ഭാഗമായാണ് ധർമ്മസമര സംഗമം സംഘടിപ്പിക്കുന്നത്.

പുതിയ തലമുറയിലെ വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന അക്രമ രാഷ്ട്രീയം, മൊബൈൽ അഡിക്ഷൻ, ഡിപ്രഷൻ പോലെയുള്ള മാനസിക രോഗങ്ങൾ, അക്രമ മനോഭാവം, ആത്മഹത്യാ പ്രവണത, വിദ്യാർത്ഥി അവകാശങ്ങൾ തുടങ്ങിയ മേഖലകളെ സമഗ്രമായി ചർച്ച ചെയ്യുകയും സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർത്ഥി തലമുറയെ സൃഷ്ടിച്ചെടുക്കുകയുമാണ് സമ്മേളനത്തിന്റെ മറ്റു ലക്ഷ്യങ്ങൾ.

കേരള എക്സൈസ് ഓഫീസർ ലത്തീഫ് സർ പ്രോഗ്രാം ഉൽഘാടനം ചെയ്തു സംസാരിച്ചു,വിസ്ഡം ഓർഗനൈസേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം വി.എം റിയാസ് അധ്യക്ഷത വഹിച്ചു. വിസ്ഡം സ്റ്റുഡന്റ്സ് ജില്ലാ വൈസ് പ്രസിഡന്റ് നഹാസ് തൃശൂർ സ്വാഗതം പറഞ്ഞു . പ്രമുഖ പ്രഭാഷകനും വാഗ്മിയുമായ വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഷഹബാസ് കെ അബ്ബാസ് സമാപന പ്രഭാഷണം നടത്തി.

സംഗമത്തിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണം, ടേബിൾ ടോക്കുകൾ, വാഹനപ്രചാരണം, ലഘുലേഖ വിതരണം തുടങ്ങിയവയും സംഘടിപ്പിക്കും.

## ഓൺലൈൻ സൈബർ തട്ടിപ്പിലൂടെ 1,34,50,000 രൂപ തട്ടിയെടുത്ത കേസിൽ അറസ്റ്റ്



ഇരിങ്ങാലക്കുട : ഷെയർ ട്രേഡിങ്ങിൽ ലാഭം നേടാമെന്ന് വിശ്വസിപ്പിച്ച് കിഴുത്താണി സ്വദേശിയിൽ നിന്ന് 1,34,50,000 രൂപ തട്ടിച്ച കേസിൽ മൂന്നുപീടിക സ്വദേശി കാക്കശ്ശേരി വീട്ടിൽ റനീസിനെ (26) ഇരിങ്ങാലക്കുട സൈബർ പോലീസ് അറസ്റ്റ് ചെയ്തു.

ഇക്കണോമിക്സ് ടൈംസ് പത്രത്തിലെ ഷെയർ ട്രേഡിങ്ങ് പരസ്യം കണ്ട് ആകൃഷ്ടനായ പരാതിക്കാരനെ ഷെയർ ട്രേഡിങ്ങിനായി B1 Gold Stock Invester Duscussion group F-¶ Whats App ഗ്രൂപ്പിൽ ജോയിൻ ചെയ്യിപ്പിച്ച് ഷെയർ ട്രേഡിങ്ങ് നടത്തുന്നതിനുള്ള https://www.fyers-privilage.com എന്ന ലിങ്കും ട്രേഡിങ്ങ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഗ്രൂപ്പ് അഡ്മിൻമാർ പല ദിവസങ്ങളിലായി അയച്ചു കൊടുത്ത് ഷെയർ ട്രേഡിങ്ങ് നടത്തിച്ച് കഴിഞ്ഞ സെപ്തംബർ 22 മുതൽ ഒക്ടോബർ 31 വരെയുള്ള കാലയളവുകളിലായി പല തവണകളായി പരാതിക്കാരൻ പ്രതികളുടെ വിവിധ അക്കൗണ്ടുകളിലേക്ക് 1,34,50,000 രൂപ നിക്ഷേപിക്കുകയായിരുന്നു.

ഇതിൽ ഉൾപ്പെട്ട 22,20,000 രൂപ റെനീസിന്റെ അക്കൗണ്ടിലേക്ക് അയപ്പിക്കുകയും, ഈ തുക പിൻവലിച്ച് പ്രതികൾക്ക് നൽകി അതിന്റെ കമ്മീഷനായി 15,000 രൂപ കൈപ്പറ്റി തട്ടിപ്പു സംഘത്തിന് സഹായം ചെയ്തു കൊടുക്കുന്ന ഏജന്റായി പ്രവർത്തിച്ചു വന്നതിനാണ് റെനീസിനെ അറസ്റ്റ് ചെയ്തത്.

കോടതിയിൽ ഹാജരാക്കിയ റനീസിനെ റിമാൻറ് ചെയ്തു.

തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ബി കൃഷ്ണകുമാറിന്റെ നിർദ്ദേശ പ്രകാരം ഡി. സി. ആർ. ബി. ഡി. വൈ. എസ്. പി. എസ്. വൈ. സുരേഷ്,, സൈബർ എസ്.എച്ച്.ഒ. വർഗ്ഗീസ് അലക്സാണ്ടർ, എസ് ഐ ബെന്നി ജോസഫ്, ഗ്രേഡ് എ എസ് ഐ അനൂപ് കുമാർ, സീനിയർ സി പി ഓ അജിത് കുമാർ, സി പി ഓ അനീഷ് എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

## നിര്യാതയായി

### സരോജിനി



ഊരകം: പൂതംകുറ്റിരാമൻ മകൾ സരോ ജിനി (79) നിര്യാതയായി. സംസ്കാരം ഇന്ന് ഉച്ചക്ക് 2 മണിക്ക് വടൂക്കര ശ്രീനാരായണ സമാജം ശ്മശാനത്തിൽ.







### കോടതി പരസ്യം

**ബഹു. ഒറ്റപ്പാലം MACT മുമ്പാകെ**

OP(MV): 290/2024

വിജിത etc

-ഹരജിക്കാർ

Santhoshkumar,
S/o. Neelakandakurup,
Karimpala Tharayil House,
Kottakkattussery,
Nooranad L S (P.O)
Mavelikkara Taluk,
Pin: 690571

-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കെതിരെയുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ച് കേസിന്റെ വിചാരണ **10-07-2025** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 21-04-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**പ്രതീഷ് പി വർഗ്ഗീസ്**
തൃശൂർ (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 1850/2018

അനീഷ്കുമാർ

-ഹരജിക്കാരൻ

ബെന്നി, S/o. ജോസ്, തരൂക്കര വീട്ടിൽ, ശ്രേയസ്സ് നഗർ ദേശം, ഒല്ലൂക്കര വില്ലേജ്, തൃശൂർ-680655

-2-ാം എതൃകക്ഷി

മേൽ നമ്പറിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **29-04-2025** തിയ്യതിക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 14-03-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**ബി ഗോപാലകൃഷ്ണൻ**
(ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 1851/2018

ബദരീനാഥ് (Minor)

-ഹരജിക്കാരൻ

ബെന്നി, S/o. ജോസ്, തരൂക്കര വീട്ടിൽ, ശ്രേയസ്സ് നഗർ ദേശം, ഒല്ലൂക്കര വില്ലേജ്, തൃശൂർ-680655

-2-ാം എതൃകക്ഷി

മേൽ നമ്പറിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **29-04-2025** തിയ്യതിക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 17-03-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**ബി ഗോപാലകൃഷ്ണൻ**
(ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 1849/2018

രാഖി

-ഹരജിക്കാരി

ബെന്നി, S/o. ജോസ്, തരൂക്കര വീട്ടിൽ, ശ്രേയസ്സ് നഗർ ദേശം, ഒല്ലൂക്കര വില്ലേജ്, തൃശൂർ-680655

-2-ാം എതൃകക്ഷി

മേൽ നമ്പറിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **29-04-2025** തിയ്യതിക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 14-03-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**ബി ഗോപാലകൃഷ്ണൻ**
(ഒപ്പ്)